**GOVERNMENT OF KERALA**

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

നം: 44741/ഇ.എം1/09/തസ്വഭവ. തിരുവനന്തപുരം, തീയതി: 18/11/2009.

**<u>സർക്കുലർ</u>**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള മുൻസിപ്പാലിറ്റി (യോഗ നടപടി ക്രമം) പാലിക്കുന്നത് - മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 4(1) പ്രകാരം നഗരസഭാ കൗൺസിൽ യോഗങ്ങൾ കൂടുന്നതിന് "യോഗ സ്ഥലവും, തീയതിയും, സമയവും, യോഗത്തിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങളും സംബന്ധിച്ച നോട്ടീസ് യോഗം കൂടുന്നതിന് നിശ്ചയിട്ടുള്ള തീയതിക്ക് 3 പൂർണ്ണ ദിവസങ്ങൾക്ക് മുമ്പെങ്കിലും അംഗങ്ങൾക്ക് നൽകിയിരിക്കേണ്ടതാണ്". എന്ന് അനുശാസിക്കുന്നു. എന്നാൽ പ്രസ്തുത യോഗ നടപടിക്രമം ചട്ടം പ്രകാരം കൃത്യമായി നോട്ടീസ് നൽകി കൗൺസിൽയോഗങ്ങൾ നടത്തുന്നതിൽ പല നഗരസഭകളും വീഴ്ച വരുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ നഗരസഭാ കൗൺസിൽ യോഗങ്ങൾ കൂടുന്നതിൽ കേരള മുനിസിപ്പാലിറ്റി (യോഗ നടപടിക്രമം) ചട്ടങ്ങൾ കൃത്യമായി പാലിക്കപ്പെടേണ്ടതാണ് എന്ന് എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകുന്നു.

**എസ്.എം. വിജയാനന്ദ്,**
**പ്രിൻസിപ്പൽ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ , കൊല്ലം/കൊച്ചി/കോഴിക്കോട്.
എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ